പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 529 — 03.03.2020-ലെ മറുപടിയ്ക്ക്

## ചേലാട് സ്റ്റേഡിയം നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കിഫ്ബി അംഗീകാരം ലഭ്യമായ ചേലാട് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ), (ബി), (സി), & (ഡി) | കോതമംഗലം മണ്ഡലത്തിലെ ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 15.83 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>• 8 ലെയ്ൻ 400 മീറ്റർ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്<br>• സ്വാഭാവിക പുൽതകിടിയോടുകൂടിയ ഫുട്ബോൾ കളിസ്ഥലം<br>• ടോയ്‌ലറ്റ് ബ്ലോക്ക്<br>നിലവിൽ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോ ലിമിറ്റഡ് സാങ്കേതികാനുമതിയ്ക്കായുള്ള ഡി.പി.ആർ തയ്യാറാക്കി വരികയാണ്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി ഏത് ഏജൻസിയെ ആണ് ഏല്പിച്ചിട്ടുള്ളതെന്നും പ്രസ്തുത ഏജൻസി സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | | |
| (സി) | സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ